കാരാപ്പുഴ ജലസേചനപദ്ധതിയിൽ ഇടതുകര കനാൽ റോഡിന് 69 ലക്ഷം രൂപ, വലതുകര കനാൽ റോഡിന് 100 ലക്ഷം രൂപ എന്നിവയ്ക്ക് അനുമതി നൽകിയിട്ടുണ്ട്.

(സി) കണ്ണൂർ ജില്ലയിൽ കനാൽ റോഡ് നിർമ്മാണ പ്രവൃത്തികളുടെ നിർദ്ദേശങ്ങൾ ഒന്നും തന്നെ പരിഗണനയിലില്ല.

നൈപുണ്യം സമ്മിറ്റ്

209 (4495) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നൈപുണ്യം സമ്മിറ്റ് സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അതിന്റെ ലക്ഷ്യങ്ങളെന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകാമോ;

(സി) രാജ്യാന്തര നിലവാരത്തിൽ തൊഴിൽ വൈദഗ്ധ്യമുള്ള യുവാക്കളെ സൃഷ്ടിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് സമ്മിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ;

(ഡി) പ്രസ്തുത സമ്മിറ്റിന്മേൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ&ബി) ഉണ്ട്. 2014 ജനുവരി 20, 21 എന്നീ തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നൈപുണ്യം സമ്മിറ്റ് സംഘടിപ്പിച്ചു. ആധുനിക മേഖലയിൽ ഉരുത്തിരിയുന്ന വിവിധ നൂതന തൊഴിൽ മേഖലകളിലേയ്ക്ക് ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലനം നൽകി അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകുക എന്നതാണ് നൈപുണ്യം സമ്മിറ്റ് കൊണ്ട് ഉദ്ദേശിക്കുന്നത്. നൈപുണ്യം സമ്മിറ്റിന്റെ പ്രധാന ലക്ഷ്യം വ്യവസായ പങ്കാളികളുമായി ചേർന്ന് കൺസ്ട്രക്ഷൻ, സെക്യൂരിറ്റി, ടൂറിസം, ഓട്ടോമൊബൈൽ, റീട്ടെയിൽ, നഴ്സിംഗ്, ഓയിൽ & റിഗ്, ഹോസ്പിറ്റാലിറ്റി, മൾട്ടിസ്കിൽ, ഹൈടെക്-ഓട്ടോമേഷൻ & മെക്കട്രോണിക്സ് തുടങ്ങിയ മേഖലകളിൽ പരിശീലനവും തൊഴിലും ഉറപ്പുനൽകുന്ന അന്താരാഷ്ട്ര തലത്തിൽ വൈദഗ്ധ്യമുള്ള പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) തൊഴിൽ പരിശീലന കേന്ദ്രങ്ങളുടെയും തൊഴിൽ പരിശീലകരുടെയും പാഠ്യപദ്ധതികളുടെയും ഗുണമേന്മ വർദ്ധിപ്പിക്കുക, അവശ്യ മേഖലകളിൽ നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി അതിവിദഗ്ധ പരിശീലനം നൽകി അംഗീകൃത മേഖലകളിൽ പരിശീലനം ലഭ്യമായവരുടെ എണ്ണം വർദ്ധിപ്പിക്കുക എന്നീ ഉദ്യമങ്ങൾ മുന്നിൽ കണ്ടുകൊണ്ട് താല്പര്യമുള്ള സ്ഥാപനങ്ങൾ സമർപ്പിച്ച എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റുകൾ വിലയിരുത്തി പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകവഴി രാജ്യാന്തര നിലവാരത്തിൽ തൊഴിൽ വൈദഗ്ധ്യമുള്ള ഒരു ജനതയെ സൃഷ്ടിക്കാൻ സാധിക്കും.

(ഡി) ഓയിൽ & റിഗ്, സെക്യൂരിറ്റി സ്കിൽസ്, എന്നീ മേഖലകളിൽ നൈപുണ്യവികസന കേന്ദ്രം തുടങ്ങുന്നതിന് സ്വകാര്യ പങ്കാളിയെ കണ്ടെത്തി ധാരണാപത്രത്തിൽ ഒപ്പ് വച്ചു. ഹൈടെക് ഓട്ടോമേഷൻ & മെക്കട്രോണിക്സ് സെന്റർ സ്ഥാപിക്കുന്നതിനുവേണ്ടി ഓപ്പറേറ്ററെ കണ്ടെത്തിയിട്ടുണ്ട്. കൊല്ലം ജില്ലയിലെ ചവറയിൽ കൗശലകേന്ദ്രം സ്ഥാപിക്കുന്നതിന് സ്ഥലം ഏറ്റെടുത്തു. തുടർ നടപടികൾ പുരോഗമിച്ചുവരുന്നു. കൺസ്ട്രക്ഷൻ മേഖലയിലെ നൈപുണ്യകേന്ദ്രമായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ ചവറയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി. ഓട്ടോമോട്ടീവ് സ്കിൽസ് അക്കാദമിക്കും മറ്റു മേഖലകളിൽ നൈപുണ്യവികസന കേന്ദ്രം സ്ഥാപിക്കുന്നതിനുംവേണ്ടി ഓപ്പറേറ്ററെ കണ്ടെത്താനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

അന്യസംസ്ഥാന തൊഴിലാളികൾക്ക് തൊഴിൽ സ്ഥലങ്ങളിൽ സുരക്ഷ

210 (4496) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അന്യസംസ്ഥാന തൊഴിലാളികൾക്ക് തൊഴിൽ സ്ഥലങ്ങളിൽ പലപ്പോഴും അപകടങ്ങൾ സംഭവിക്കാറുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഇത് തടയുന്നതിനും തൊഴിലാളികളുടെ സംരക്ഷണത്തിനുമായി എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ;

(സി) ഉണ്ടെങ്കിൽ, എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly